# സ്വഹാബികളെ പിന്തുടരുക:

## അവര്‍ ഉല്‍കൃഷ്ട ദൗത്യത്തിന് വാര്‍ത്തെടുക്കപ്പെട്ടവര്‍

### ശൈഖ് മുഹമ്മദ് സ്വലാഹ് മുഹമ്മദ് അസ്സ്വാവി

വിവ. കബീര്‍ എം. പറളി

സൃഷ്ടി ശ്രേഷ്ഠന്‍ മുഹമ്മദ് നബി(സ്വ)യുടെ അനുചരന്മാര്‍ക്ക് വിശുദ്ധ ഖുര്‍ആന്‍ സത്യസാക്ഷ്യം നല്‍കിയിട്ടുണ്ട്. അവര്‍ നിഷ്കളങ്കരായ വിശ്വാസികളായിരുന്നു. അവര്‍ അല്ലാഹുവിന്റെ കാരുണ്യത്തിനും പ്രീതിക്കും പാത്രീഭൂതരായിരുന്നു. ശാശ്വതമായ സ്വര്‍ഗീയാനുഗ്രഹങ്ങള്‍ക്ക് അര്‍ഹരുമായിരുന്നു ആ മഹത്തുക്കള്‍.

സ്വഹാബികളുടെ ഈ ഔന്നിത്യത്തെ സംബന്ധിച്ച അടിസ്ഥാന ധാരണ പണ്ഡിത പാമര ഭേദമെന്യെ എല്ലാവരിലും സാധാരണമാണ്. നിഷേധിക്കാതെ ആരും ഉള്‍ക്കൊള്ളുന്ന യാഥാര്‍ഥ്യമാണത്. സ്വഹാബത്തിന്റെ മഹിമയെപ്പറ്റി അജ്ഞാതമായ ഒരാളും വിശ്വാസികളുടെ കൂട്ടത്തിലുണ്ടാവാനിടയില്ല.

എന്നാല്‍ ഇസ്‌ലാമിക വൃത്തത്തിലേക്ക് കാലക്രമേണ കാല്‍വെച്ചു വന്നവരില്‍ ചെറിയൊരു വിഭാഗം, സ്വഹാബികളെ സംബന്ധിച്ച പൊതുധാരണാ ധാരയില്‍ നിന്ന് വ്യതിചലിച്ചു പോയിട്ടുണ്ട്. പ്രവാചകന്റെ വിശുദ്ധരായ അനുചരന്മാരെ ആക്ഷേപിക്കാനും, അപവദിക്കാനും അവരുടെ പദവിക്കും പവിത്രതക്കും ചേരാത്ത മ്ലേച്ഛമായ സംഗതികളിലേക്ക് അവരെ താഴ്ത്തിക്കെട്ടാനും ആ ചെറു സംഘം ശ്രമിച്ചു പോന്നിട്ടുമുണ്ട്. സ്വാഹാബത്തിനെ സംബന്ധിച്ച അല്ലാഹുവിന്റെ സത്യസന്ധമായ പ്രഖ്യാപനത്തിനെതിരിലായിരുന്നു അവരുടെ വൃത്തികെട്ട ശ്രമം.

വെറും ആക്ഷേപത്തില്‍ മാത്രം ഒതുങ്ങി നില്‍ക്കുന്നതായിരുന്നില്ല ഈ വിഭാഗത്തിന്റെ പ്രവര്‍ത്തനം. മനുഷ്യത്വത്തിന്റെ സകലസീമകളും വിട്ട കളികളായിരുന്നു അത്. വിശുദ്ധരായ സ്വഹാബത്ത് കാഫിറുകളും, മത ഭ്രഷ്ടരുമായിരുന്നു എന്ന ഏറെ ഗുരുതരമായ ആരോപണങ്ങള്‍വരെ ഈ വിഭാഗം സമൂഹമധ്യത്തിലഴിച്ചു വിടുകയുണ്ടായി. എന്നു മാത്രമല്ല, ഖുര്‍ആനിനേയും സുന്നത്തിനേയും അറിയപ്പെട്ട ചരിത്രസത്യങ്ങളേയും തങ്ങളുടെ പ്രതിസ്ഥാനത്ത് നിര്‍ത്തി ആക്ഷേപിക്കാന്‍ പോലും അവര്‍ ധൃഷ്ടരായി. സ്വഹാബത്തിനെതിരിലുള്ള തങ്ങളുടെ അപവാദങ്ങളെയും വ്യാജോക്തികളേയും നിഷ്പ്രഭമാക്കിക്കളയുന്ന രേഖകള്‍ പ്രസ്തുത പ്രമാണങ്ങളില്‍ ഉണ്ട് എന്നതായിരുന്നു ഈ നിലവിട്ട സമീപനത്തിന് അവര്‍ക്ക് പ്രേരകമായത്. സ്വഹാബികള്‍ക്കെതിരില്‍ എന്തെല്ലാം പുത്തനാരോപണങ്ങളും നുണ പ്രചരണങ്ങളുമാണ് അവര്‍ അഴിച്ചു വിട്ടത്!

ഈ ചെറുകൃതിയില്‍ പ്രസ്തുത അപവാദ സംഘത്തിന്റെ ചെയ്തികളെ സംബന്ധിച്ച വിശകലനമല്ല ഉദ്ദേശിച്ചിട്ടുള്ളത്. അത്തരമൊരു വിശകലനത്തിന് ഇത്തരമൊരു കൃതി മതിയാവുകയുമില്ല. വിശുദ്ധ ഖുര്‍ആന്‍ സഹാബത്തിന് നല്‍കിയിട്ടുള്ളത് സമൂഹത്തിലെ പ്രഥമ പദവിയാണ് എന്നതു കൊണ്ടു തന്നെ, അവരെ സംബന്ധിച്ചു പ്രസ്താവിക്കപ്പെട്ട ആയത്തുകളിലൂടെയുള്ള ഒരു ഹ്യസ്വയാത്രയാണ് ഇതിലൂടെയുള്ള ലക്ഷ്യം. സ്വഹാബീ നിന്ദകര്‍, തങ്ങള്‍ ഖുര്‍ആനില്‍ വിശ്വസിക്കുന്നു എന്നവകാശപ്പെടുന്നവരാണ്. അതിനാല്‍, സ്വഹാബികള്‍ക്കു ഖുര്‍ആന്‍ നല്‍കിയിട്ടുള്ള സാക്ഷ്യവും, സ്ഥാനവും എന്താണെന്ന് വ്യക്തമാക്കപ്പെടേണ്ടതുണ്ട്. അങ്ങനെ, അവരെപ്പറ്റിയുള്ള ആരോപകരുടെ വാദങ്ങള്‍ അടിസ്ഥാനമില്ലാത്തതും തികഞ്ഞ കളവുമാണെന്ന് സമൂഹമധ്യേ സ്ഥാപിക്കപ്പെടേണ്ടതുമുണ്ട്.

ലോകരക്ഷിതാവായ പടച്ച തമ്പുരാന്‍ പ്രവാചകാനുചരന്മാരെപ്പറ്റി എന്തു പറയുന്നുവെന്ന് ഖുര്‍ആനിക സൂക്തങ്ങളിലൂടെ നമുക്ക് സഞ്ചരിച്ചറിയാം. വ്യക്തമായ സത്യത്തിന്റേയും, സന്മാര്‍ഗത്തിന്റേയും ആളുകളായിരുന്നു അവരെന്ന് ഖുര്‍ആന്‍ സാക്ഷ്യപ്പെടുത്തുന്നുണ്ട്. ലോക ജനതക്കായി തെരഞ്ഞെടുക്കപ്പെട്ട ഉത്തമ സമുദായമാണവര്‍. അനുഗ്രഹങ്ങള്‍ നിറഞ്ഞ സ്വര്‍ഗ്ഗത്തോപ്പുകള്‍ക്ക് അവകാശികളുമാണവര്‍. ഖുര്‍ആന്‍ ആവര്‍ത്തിച്ചു വ്യക്തമാക്കുന്ന സംഗതികളാണിവ. അല്ലാഹുവിന്റെ സാക്ഷ്യത്തിനപ്പുറം മഹിതമായൊരു സാക്ഷ്യം വേറൊന്നുമില്ല എന്നതാണ് അഹ്‌ലുസ്സുന്നത്തിവല്‍ജമാഅത്തിന്റെ വിശ്വാസം. അല്ലാഹു പറഞ്ഞു:

﴿قُلْ أي شيءٍ أَكْبر شهادةً قُلِ الله شهيد بيني وبينكم وأُوحي إِلي هذَا الْقُرآنُ لأُنذركُم بِه ومن بلَغَ﴾ الأنعام: 19

(നബിയേ,) ചോദിക്കുക: സാക്ഷ്യത്തിൽ വെച്ച് ഏറ്റവും വലിയത് ഏതാകുന്നു? പറയുക: അല്ലാഹുവാണ് എനിക്കും നിങ്ങൾക്കും ഇടയിൽ സാക്ഷി. ഈ ഖുർആൻ എനിക്ക് ദിവ്യബോധനമായി നൽകപ്പെട്ടിട്ടുള്ളത്, അത് മുഖേന നിങ്ങൾക്കും അത് (അതിന്റെ സന്ദേശം) ചെന്നെത്തുന്ന എല്ലാവർക്കും ഞാൻ മുന്നറിയിപ്പ് നൽകുന്നതിന് വേണ്ടിയാകുന്നു. (അൻആം: 19)

അല്ലാഹുവിന്റെ തിരുവചനങ്ങളുൾക്കൊള്ളുന്ന ഈ പഠനകൃതിയിലൂടെ കടന്നു പോകുന്നവരിൽ സ്വഹാബീ നിന്ദകരുടെ വഴിയിലേക്ക് കാൽവഴുതി വീണവരുണ്ടെങ്കിൽ അവർ ഉറ്റാലോചിക്കട്ടെ. സത്യാന്വേഷിയുടെ ഭാഗത്തു നിന്നു കൊണ്ടാകട്ടെ അവരുടെ വായന. മുൻധാരണകളുടേയും തന്നിഷ്ടത്തിന്റേയും തടവറയിൽ നിന്ന് ഇറങ്ങിനിന്നു കൊണ്ടും, എല്ലാവരും ഒരുമിച്ചു കൂട്ടപ്പെടുന്ന വിചാരണാ നാളിനെ മുന്നിൽ നിർത്തിക്കൊണ്ടുമുള്ള ആത്മാർഥമായ വായനക്കേ സത്യം കണ്ടെത്താനുള്ള അവസരം നൽകാനാകൂ.

വസ്തുതയെന്തെന്ന് സ്ഥാപിക്കുകയും അവാസ്തവങ്ങളെ പിഴുതുകളയുകയുമാണ് ഈ രചനയുടെ ലക്ഷ്യം. അല്ലാഹുവിനോടും റസൂലിനോടും മുസ്‌ലിം നേതാക്കളോടും സാധാരണ ജനങ്ങളോടുമുള്ള ആത്മാർഥമായ ഗുണകാംക്ഷയാണ് ഇതിന്നുള്ള പ്രേരകം. മുസ്‌ലിംകൾ സത്യത്തിൽ ഐക്യപ്പെട്ടു നിൽക്കണമെന്നതാണ് ആഗ്രഹം. ഭൗതിക താത്പര്യങ്ങൾക്കും താഗൂത്തീ സേവക്കുമായി ഖുർആനിനെ ബോധപൂർവം സമീപിക്കുന്ന കൈകൾക്ക് നാശം!

വിശുദ്ധ ഖുർആൻ കൊണ്ടാകണം ഖുർആനിലേക്കുള്ള നമ്മുടെ തിരിച്ചുപോക്ക്. വിശ്വാസികൾക്കിടയിലെ അഭിപ്രായാന്തരങ്ങൾ ഖുർആൻകൊണ്ടു തന്നെയാകണം പരിഹരിക്കപ്പെടേണ്ടത്. സത്യം കണ്ടെത്താനും സ്വീകരിക്കാനുമുള്ള തൗഫീഖ് അല്ലാഹുവിനോട് ചോദിച്ചു കൊണ്ടുള്ളതാകണം നമ്മുടെ ജീവിതം. അവനാണല്ലൊ പരമമായ സഹായി.

അല്ലാഹു സുബ്ഹാനഹു വ തആല, തന്റെ ദൂതന്റെ സഹായികളും, അദ്ദേഹത്തിനു ശേഷം ആ ദിവ്യദൗത്യത്തിന്റെ വാഹകരുമാകാൻ പറ്റിയവിധം ഏറ്റവും നല്ല പ്രകൃതിയിലാണ് സ്വഹാബത്തിനെ ഉരുവപ്പെടുത്തിയിട്ടുള്ളത്. ആ മഹത്തുക്കളുടെ ഹൃദയങ്ങളിൽ അല്ലാഹു സംവിധാനിച്ച പരിശുദ്ധിയെപ്പറ്റി അല്ലാഹു പ്രസ്താവിച്ചത് കാണുക:

﴿واعلَموا أن فيكُم رسولَ الله لَو يطيعكُم في كَثيرٍ من الْأمرِ لَعنِتم ولَكن الله حبب إِلَيكُم الْإِيمانَ وزينه في قُلُـوبِكُم وكَره إِلَيكُم الْكُفْر والْفُسوق والْعصيانَ أُولَئك هم الراشدونَ﴾ (الحجرات: 7)

അല്ലാഹുവിന്റെ റസൂലാണ് നിങ്ങൾക്കിടയിലുള്ളതെന്ന് നിങ്ങൾ മനസ്സിലാക്കണം. പല കാര്യങ്ങളിലും അദ്ദേഹം നിങ്ങളെ അനുസരിച്ചിരുന്നെങ്കിൽ നിങ്ങൾ വിഷമിച്ച് പോകുമായിരുന്നു. എങ്കിലും അല്ലാഹു നിങ്ങൾക്ക് സത്യവിശ്വാസത്തെ പ്രിയങ്കരമാക്കിത്തീർക്കുകയും, നിങ്ങളുടെ ഹൃദയങ്ങളിൽ അത് അലംകൃതമായി തോന്നിക്കുകയും ചെയ്തിരിക്കുന്നു. അവിശ്വാസവും അധർമ്മവും അനുസരണക്കേടും നിങ്ങൾക്കവൻ അനിഷ്ടകരമാക്കുകയും ചെയ്തിരിക്കുന്നു. അങ്ങനെയുള്ളവരാകുന്നു നേർമാർഗം സ്വീകരിച്ചവർ. (ഹുജുറാത്: 7)

വിശ്വാസത്തോട് ഇഷ്ടവും അവിശ്വാസത്തോടും, അധർമ്മത്തോടും അനുസരണക്കേടിനോടും വെറുപ്പും വിമുഖതയും കാണിച്ച അവർ, ഖുർആൻ വ്യക്തമാക്കിയതു പോലെ, നേർമാർഗത്തിലൂടെ സഞ്ചരിച്ചവരായിരുന്നു. അവരുടെ ജീവിതം അതിന്ന് സാക്ഷിയാണ്.

എന്നാൽ, സത്യപാതയിൽ നിന്നും വ്യതിചലിച്ച ഒരു കൂട്ടം അവിവേകികൾ പറയുന്നു; പ്രവാചകന്റെ സഹാബികൾ അവിശ്വാസത്തിന്നും, അധർമ്മത്തിന്നും അനുസരണക്കേടിന്നുമിടയിൽ മാറിമാറി ജീവിച്ചവരായിരുന്നു എന്ന്. അംഗുലീ പരിമിതരായ സ്വഹാബികൾ മാത്രമേ അത്തരമൊരവസ്ഥയെ അതിജീവിച്ചിരുന്നുള്ളൂ എന്നതാണ് അവരുടെ വാദം!

നാം ഏത് വിശ്വസിക്കണം? കറയറ്റ വിശ്വാസികളും നേർമാർഗം സ്വീകരിച്ചവരുമായിരുന്നു സ്വഹാബികൾ എന്ന ഖുർആനിക സാക്ഷ്യമാണൊ, അതല്ല, അവർ കാഫിറുകളും അധർമ്മകാരികളും ധിക്കാരികളുമായിരുന്നു എന്ന ഈ അവിവേകികളുടെ സാക്ഷ്യമാണൊ; ഏതാണ് വിശ്വസിക്കേണ്ടത്?!

മനുഷ്യ സമൂഹത്തിനു വേണ്ടി പുറത്തു കൊണ്ടുവരപ്പെട്ട ഉൽകൃഷ്ട സമൂഹമാണ് സ്വഹാബത്ത്. പ്രപഞ്ച സ്രഷ്ടാവായ റബ്ബ് തന്നെയാണ് അക്കാര്യം വ്യക്തമാക്കിയിട്ടുള്ളത്.

﴿كُنتم خير أُمة أُخرِجت للناسِ تأْمرونَ بِالْمعروف وتنهونَ عنِ الْمنكَرِ﴾ (آل عمران: 110)

മനുഷ്യവംശത്തിനു വേണ്ടി രംഗത്ത് കൊണ്ടുവരപ്പെട്ട ഉത്തമസമുദായമാകുന്നു നിങ്ങൾ. നിങ്ങൾ സദാചാരം കൽപിക്കുകയും, ദുരാചാരത്തിൽ നിന്ന് വിലക്കുകയും, അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നു. (ആലു ഇംറാൻ: 110)

ശ്രേഷ്ഠ സമൂഹമായിരുന്നു സ്വഹാബികൾ എന്ന വസ്തുത മേൽ സൂചിത സൂക്തത്തിലൂടെ സുതരാം വ്യക്തമാകുകയാണ്. നന്മ കൽപിക്കുകയും തിന്മകളെ വിരോധിക്കുകയും ചെയ്യുക എന്ന മഹൽകൃത്യവുമായി നിലകൊണ്ടവരായിരുന്നു അവർ. അതായിരുന്നു അവരുടെ ശ്രേഷ്ഠതയുടെ മുഖം. അല്ലാഹുവിലുള്ള വിശ്വാസം, ആർക്കും ഇളക്കാൻ പറ്റാത്തവിധം തങ്ങളുടെ ഹൃദയത്തിൽ രൂഢമൂലമായിരുന്നു. ആ മഹത്തുക്കളെപ്പറ്റിയാണ്, അക്രമത്തിലും, ശത്രുതയിലും, ജാഹിലിയ്യത്തിലും കഴിഞ്ഞു കൂടിയവരാണ്, ദൈവ വഞ്ചകരാണ്, ചീത്ത ജനതയാണ് എന്നിങ്ങനെ ചില വിവരദോഷികൾ ആരോപിക്കുന്നത്! നാം ആരെ വിശ്വസിക്കണം?

ഈമാനിനു വേണ്ടി, നന്മകൾക്കുവേണ്ടി നിലകൊണ്ടവരായിരുന്നു പ്രവാചക സ്വഹാബത്ത് എന്ന് ഖുർആനിക സാക്ഷ്യം! വഞ്ചനയിലും ജാഹിലിയ്യത്തിലുമായിരുന്നു ആ ഉൽകൃഷ്ട ജനതയെന്ന് വിവരദോഷികളുടെ സാക്ഷ്യം!! പരമ പരിശുദ്ധനായ അല്ലാഹുവിന്റെ സാക്ഷ്യത്തെയല്ലാതെ വിവേകമതികൾക്ക് അംഗീകരിക്കാനാകുമൊ?

സ്വഹാബത്തിന് അവിശ്വാസികളാകാൻ സാധ്യമല്ല, ലോകഗുരുവിന്റെ മുമ്പിലാണ് അവരുടെ സാന്നിധ്യം. ആ തിരുമൊഴികൾ കേട്ടുകൊണ്ടാണ് അവരുടെ വളർച്ച. പ്രവാചക ശിക്ഷണത്തിന് സാകൂതം നിന്നു കൊടുത്ത ആ മഹത്തുക്കൾക്ക് വ്യതിചലിക്കുക സാധ്യമേയല്ല. അല്ലാഹു അത് വ്യക്തമാക്കിയതാണ്.

﴿وكَيف تكْفُرونَ وأَنتم تتلَى علَيكُم آيات الله وفيكُم رسولُه ومن يعتصم بِالله فَقَد هدي إِلَى صراط مستقيمٍ﴾

(آل عمران: 101)

നിങ്ങൾക്ക് അല്ലാഹുവിന്റെ വചനങ്ങൾ വായിച്ചുകേൾപിക്കപ്പെട്ടുകൊണ്ടിരിക്കെ, നിങ്ങൾക്കിടയിൽ അവന്റെ ദൂതനുണ്ടായിരിക്കെ നിങ്ങളെങ്ങനെ അവിശ്വാസികളാകും? ആർ അല്ലാഹുവെ മുറുകെ പിടിക്കുന്നുവോ അവൻ നേർമാർഗത്തിലേക്ക് നയിക്കപ്പെട്ടിരിക്കുന്നു. (ആലു ഇംറാൻ: 101)

വിശുദ്ധ ഇസ്ലാമിന്റെ ദൗത്യ വാഹകരാകാൻ അല്ലാഹുവിനാൽ തെരഞ്ഞെടുക്കപ്പെട്ട, അതിന്നു പറ്റിയവിധം സംവിധാനിക്കപ്പെട്ട റബ്ബാനിയ്യുകളായ സ്വഹാബീ സമൂഹം കുഫ്റിലകപ്പെടുന്ന പ്രശ്നമേയില്ല. 'അവിശ്വാസവും അധർമ്മവും അനുസരണക്കേടും നിങ്ങൾക്കവൻ അനിഷ്ടകരമാക്കിയിരിക്കുന്നു' എന്ന് അല്ലാഹു തന്നെ പ്രഖ്യാപിച്ചിരിക്കെ, അവരെങ്ങിനെ കാഫിറുകളാകാനാണ്? അല്ലാഹുവിന്റെ റസൂൽ തങ്ങൾക്കിടയിൽ ജീവിച്ചിരിക്കുകയും, അല്ലാഹുവിന്റെ ആയത്തുകൾ തങ്ങൾക്ക് ഓതിക്കേൾപ്പിക്കപ്പെടുകയും ചെയ്തുകൊണ്ടിരിക്കെ അവർ അവിശ്വാസികളായിത്തീരുമെന്നൊ?! അസംഭവ്യമാണത്.